**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 803** **09-10-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമ പദ്ധതിയുടെ ഭാഗമായി അനുമതി ലഭിച്ച കുറ്റ്യാടി മണ്ഡലത്തിലെ കുളിക്കുന്ന്, ചോയിമഠം, വാളാഞ്ഞിക്കുളങ്ങരത്ത് പട്ടികജാതി നഗർ പദ്ധതികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; | (എ) | ചോയിമഠം നഗർ നവീകരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. എത്രയും വേഗം പ്രവൃത്തി ആരംഭിക്കുന്നതാണെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. കുളിക്കുന്ന് നഗർ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ ULCCS തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. വാളാഞ്ഞിക്കുളങ്ങരത്ത് നഗർ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതെന്നാണെന്നും പദ്ധതികൾ ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ; | (ബി) | മറുപടി (എ )പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | കുളിക്കുന്ന് പട്ടികജാതി നഗറിന്റെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ കരാർ വെച്ച് അടിയന്തരമായി പ്രവൃത്തി തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (സി) | മറുപടി (എ )പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ